**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------ --------------------------------------------

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 15 ബുധൻ**

------------------ --------------------------------------------

# പോസ്റ്റൽ ബാലറ്റുകൾ തപാൽ വഴി മാത്രം

ആലപ്പുഴ: ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അയച്ചിട്ടുള്ള എല്ലാ പോസ്റ്റൽ ബാലറ്റുകളും തപാൽ മുഖേന മാത്രമേ സ്വീകരിക്കൂ. പോസറ്റൽ ബാലറ്റുകൾ ഒരു കാരണ വശാലും വരണാധികാരിയുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കില്ല. മെയ് 23ന് രാവിലെ 8 മണി വരെ ലഭിക്കുന്ന തപാൽ വോട്ടുകൾ മാത്രമേ വോട്ടെണ്ണലിന് പരിഗണിക്കുകയുള്ളൂവെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

# ശിശുവികലാംഗ സദനത്തിൽ പ്രവേശനം

ആലപ്പുഴ: സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ആലപ്പുഴ നഗരസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ശിശുവികലാംഗ സദനത്തിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ നാലിനും 16നും ഇടയിൽ പ്രായമുള്ള വിദ്യാഭ്യാസം നേടാൻ താൽപര്യമുള്ള അസ്ഥിവൈകല്യമുള്ള ആൺ കുട്ടികൾക്ക് പ്രവേശനത്തിനായി അപേക്ഷിക്കാം. പ്രവേശനം ലഭിക്കുന്നവർക്ക് പഠന സൗകര്യം, താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ, എന്നിവ സൗജന്യമായി നൽകും. പ്രവേശനം ലഭിക്കുന്നതിനായി സൂപ്ര ്, ശിശുവികലാംഗ സദനം, ആലപ്പുഴ, ആലിശ്ശേരി (കുടുംബശ്രീക്ക് സമീപം) എന്ന വിലാസത്തിൽ ജൂൺ 10നകം അപേക്ഷിക്കണം.
വിശദവിവരത്തിന് ഫോൺ: 0477 2251291.

# തിരഞ്ഞെടുപ്പ്: പോസ്റ്റൽ ബാലറ്റ് എണ്ണുന്നവർക്കുള്ള പരിശീലനം നൽകി

ആലപ്പുഴ: പതിനേഴാം ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലെ പോസ്റ്റൽ ബാലറ്റ്, ഇലക്ട്രോണിക്

പോസ്റ്റൽ ബാലറ്റ് എന്നിവ എണ്ണുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകി. വരണാധികാരിയുടെ കീഴിലുള്ള ഉദ്യോഗസ്ഥരാണ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്തത്. ട്രെയിനിംഗ് നോഡൻ ഓഫീസർ എ. അബ്ദുൽ റഷീദ്, ഐ.റ്റി. കോ- ഓർഡിനേറ്റർ ഷിബു എസ്., എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

# ബോട്ട് സർവ്വീസുകൾ ഇന്ന് മുതൽ മാതാ ജെട്ടിയിൽ നിന്നും

ആലപ്പുഴ: വെള്ളപ്പൊക്കനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആലപ്പുഴ വാടക്കനാലിലെ മാതാ ജെട്ടി മുതൽ  പടിഞ്ഞാറോട്ട് ബോട്ട് ജെട്ടിവരെയുള്ള ഭാഗങ്ങളിൽ ആഴം കൂട്ടുന്ന ജോലികൾ ആരംഭിക്കുന്നു. ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ ഇന്ന് (16.05.2019) മുതൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപമുള്ള മാതാ ജെട്ടിയിൽ നിന്നും സർവ്വീസ് ആരംഭിച്ച് അവസാനിപ്പിക്കുമെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചു.

# വാഹന ലേലം

ആലപ്പുഴ: അനധികൃതമായി ആറ്റുമണൽ കടത്തിയതിനെ തുടർന്ന് മണ്ണഞ്ചേരി പോലീസ് കസ്റ്റഡിയിൽ എടുത്ത കെ.എൽ. 04. ഇസെഡ്. 8765 നമ്പർ വാഹനം മെയ് 30ന് പകൽ 11മണിക്ക് ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ലേല ദിവസം മണ്ണഞ്ചേരി വില്ലേജ് ഓഫീസിൽ ഹാജരായി നാലായിരം രൂപ നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാം.

# കമ്പ്യൂട്ടർ പരിശീലനം

ആലപ്പുഴ: നെഹ്റു യുവകേന്ദ്രയും എഡ്യുബ്രിഡ്ജും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മുപ്പതു വയസിൽ താഴെ പ്രായമുള്ള യുവതീ- യുവാക്കൾക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പ്ലസ്ടു. പഠനോപകരണങ്ങൾ സൗജന്യമായി ലഭിക്കും. വിശദവിവരത്തിന് ഫോൺ: 9846321764, 8589939720.

# ജപ്പാനീസ് കാടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്ന് ഒരു ദിവസം പ്രായമുള്ള ജപ്പാനീസ് കാടക്കോഴിക്കുഞ്ഞുങ്ങളെ ഏഴുരൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പന നടത്തുന്നു.കാടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ താഴെപ്പറയുന്ന നമ്പറിലോ നേരിട്ടോ പ്രവർത്തി ദിവസം രാവിലെ 10 മുതൽ വൈകിട്ട് മൂന്നുവരെ ബുക്ക് ചെയ്യാവുന്നതാണ്.   വിശദവിവരത്തിന് 04792452277, 9495805541, 8848637051.